# കേരള സർക്കാർ

## സംഗ്രഹം

വനം- വന്യജീവി വകുപ്പ്- തടിയിതര വനവിഭവ പരിപാലനം- ആദിവാസി വന സംരക്ഷണ സമിതി - വനസംരക്ഷണത്തിന് ധനസഹായം - നിശ്ചയിച്ചു കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## വനം- വന്യജീവി (ഡി) വകുപ്പ്

**ജി.ഒ (എം.എസ്) നം: 61/01/ വനം തിരുവനന്തപുരം, തീയതി 06/10/2001**

---

**പരമാർശം:** 1) ജി.ഒ (ആർ.റ്റി) നം. 40/2001 വനം തീയതി 2.2.2001

2) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഇ & റ്റി. ഡബ്ല്യൂ) എൻ.റ്റി.എഫ്.പി- 1/2000 നമ്പരിലുള്ള 19.06.2001 ലെ കത്ത്

## ഉത്തരവ്

(1) സൂചന സർക്കാർ ഉത്തരവു പ്രകാരം ജൈവ വൈവിധ്യ സംരക്ഷണത്തിനും വനപരിപാലനത്തിനും ആദിവാസി വനസംരക്ഷണസമിതികളെ ചുമതല പ്പെടുത്തിയിട്ടുണ്ട്. നാടിനോട് ചേർന്നു കിടക്കുന്ന വനപ്രദേശത്തിന്റെ സംരക്ഷണത്തിന് പങ്കാളിത്ത വനപരിപാലനത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സമിതിയ്ക്ക് ധനസഹായം നൽകുന്നതുപോലെ ആദിവാസി വനസംരക്ഷണസമിതികളുടെ ചുമതലയുള്ള പ്രദേശത്തെ സംരക്ഷിക്കുന്നതിന് ആദിവാസി വനസംരക്ഷണ സമിതികൾക്ക് ധനസഹായം നൽകേണ്ടതാണെന്നും ആദിവാസി സമൂഹത്തിന്റെ പ്രത്യേകതകളും ജൈവ സംരക്ഷണമേഖലയുടെ വിസ്തൃതിയും കണക്കാക്കി ഹെക്ടർ ഒന്നിന് 350/- രൂപ (മൂന്നൂറ്റി അൻപതു രൂപ മാത്രം) വീതം 10 വർഷം തുടർച്ചയായി ധനസഹായം കൊടുക്കാവുന്നതാണെന്നും പരാമർശം രണ്ടിലെ കത്തു പ്രകാരം മുഖ്യ വനപാലകൻ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

(2) മുഖ്യ വനപാലകന്റെ ശുപാർശ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സൂചന (2) കത്തിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ, ആദിവാസി വനസംരക്ഷണ സമിതിയുടെ ചുമതലയിലുള്ള വനത്തിന്റെ സംരക്ഷണം സ്തുത്യർഹമായി നിർവഹിക്കുന്നുണ്ട്. പ്രത്യുപകാരമായി സമിതിയുടെ ചുമതലയിലെ ജൈവസംരക്ഷണമേഖലയുടെ വിസ്തൃതി കണക്കാക്കി, ഹെക്ടർ ഒന്നിന് 350/- രൂപ ക്രമത്തിൽ തുടർച്ചയായി 10 വർഷം

ആദിവാസി വനസംരക്ഷണസമിതിയ്ക്ക് ധനസഹായം നൽകാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പങ്കാളിത്ത വനപരിപാലന പദ്ധതിയിൽ നിന്നോ (പി.എഫ്.എം) കേരളാ ഫോറസ്ട്രി പ്രോജക്ടിൽ നിന്നോ തൽക്കാലം ഇതിനാവശ്യമായ ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനാവശ്യമായ നടപടി മുഖ്യ വനപാലകൻ (ഇ & റ്റി. ഡബ്ല്യൂ) കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

(ഒപ്പ്)

**ഇ.കെ ഭരത്ഭൂഷൺ**

സെക്രട്ടറി

1) മുഖ്യ വനപാലകൻ (ഇ & റ്റി. ഡബ്ല്യൂ) , തിരുവനന്തപുരം
2) പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്
3) വനം - വന്യജീവി (ഇ) വകുപ്പ്
4) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ ) കേരള, തിരുവനന്തപുരം
6) ധനകാര്യ വകുപ്പ് (81370/ എ.ഡബ്ല്യൂ.സി- 2/01/ധന നമ്പരിലുള്ള 27.09.2001 ലെ അനൗദ്യോഗിക കുറിപ്പ്)
7) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ